ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ പോളണ്ട്-യുക്രൈൻ സന്ദർശനങ്ങൾക്ക് മറ്റന്നാൾ തുടക്കം. ഉഭയകക്ഷി ചർച്ചകളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

**Prime Minister Narendra Modi will be on a three day visit to Poland and Ukraine from Wednesday. PM will hold bilateral talks with prominent leaders during the visit.**

2) രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ പ്രകടനം ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ അവലോകനം ചെയ്തു.

**Union Finance Minister Nirmala Sitharaman today reviewed the performance of Public Sector Banks at a meeting in New Delhi.**

3) മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിട്ടു. സിനിമ മേഖലയിൽ വ്യാപക ചൂഷണം നടക്കുന്നതായി പരാമർശം. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ നടപ്പാക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

**Kerala Government today released the Hema Committee Report, which looked into the issues faced by women in Malayalam film industry.**

4) വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ ബാങ്കുകൾ തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്തബാധിതർക്കുള്ള ധനസഹായത്തിൽ നിന്നും ഇ.എം.ഐ ഇനത്തിൽ ഈടാക്കിയ തുക മടക്കി നൽകുമെന്ന് കേരള ഗ്രാമീൺ ബാങ്ക് .

Kerala Chief Minister Pinarayi Vijayan urged the banks to write-off the loans of Wayanad landslide victims and survivors. Kerala Gramin Bank will return EMI deducted from the survivor's bank account.

5) സമൂഹത്തിനായി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരുകൾക്കും ഉത്തരവാദിത്തമുണ്ടെന്ന് കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ.

Union Minister of State for Information and Broadcasting Dr.L.Murugan has said that the State Governments have a responsibility in protecting the doctors who are serving the society selflessly

&&&&&&&&&&&&&&&&&&&

## PM POLAND-UKRAINE

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനങ്ങൾക്ക് മറ്റന്നാൾ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി ഉൾപ്പെടെയുള്ള

നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും. 45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ആം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം. യുക്രൈൻ-റഷ്യ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ വിവിധ വേദികളിൽ ആവർത്തിച്ച് വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

**SITHARAMAN - REVIEW MEET,**

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ പ്രകടനം ഇന്ന് ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. ധനകാര്യ സെക്രട്ടറി, പൊതുമേഖലാ ബാങ്കുകളുടെ മാനേജിംഗ് ഡയറക്ടർമാർ, സി ഇ ഓ മാർ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു. ബാങ്കുകളുടെ മികവിന്റെ സുപ്രധാന സൂചകങ്ങളായ നിക്ഷേപ വളർച്ച, വായ്പാ - നിക്ഷേപ അനുപാതം, ആസ്തി നിലവാരം തുടങ്ങിയ ഘടകങ്ങൾ ശ്രീമതി സീതാരാമൻ യോഗത്തിൽ

അവലോകനം ചെയ്തു. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൊതുമേഖലാ ബാങ്കുകളുടെ പ്രകടനവും ധനമന്ത്രി വിലയിരുത്തി.

&&&&&&&&&&&&&&&&&&

## HEMA COMMITTEE INTRO

മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിട്ടു. സിനിമ മേഖലയിൽ വ്യാപക ചൂഷണങ്ങൾ നടക്കുന്നതായും, ഉന്നതരിൽ നിന്നടക്കം സ്ത്രീകൾക്ക് ദുരനുഭവങ്ങൾ നേരിടേണ്ടി വരുന്നതായും റിപ്പോർട്ടിൽ പറയുന്നു. തൊഴിലവസരങ്ങൾ നഷ്ടമാകുമെന്നതിനാൽ, ചൂഷണങ്ങൾ പുറത്തു പറയാൻ പലരും ഭയപ്പെടുന്നതായും പരാമർശം. സമർപ്പിച്ച് അഞ്ച് വർഷത്തിന് ശേഷമാണ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നത്.

വിശദാംശങ്ങളിലേക്ക്----

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## HEMA COMMITTEE VOICE

മലയാള സിനിമ മേഖല ക്രിമിനൽ പശ്ചാത്തലമുള്ള ആളുകൾ ആണ് നിയന്ത്രിക്കുന്നതെന്നും, ഇത് സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത സാഹചര്യം ഉണ്ടാക്കുന്നുവെന്നും ഹേമ

കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏതാനും നിർമ്മാതാക്കളും സംവിധായകരും താരങ്ങളും പ്രൊഡക്ഷൻ കൺട്രോളർമാരുമാണ് സിനിമാ മേഖല കയ്യടക്കിയിരിക്കുന്നത്. മയക്കുമരുന്ന് സിനിമാ മേഖലയെ കീഴടക്കിയിരിക്കുന്നു. ലൈംഗിക അതിക്രമ പരാതികൾ പരിശോധിക്കാൻ സ്വതന്ത്ര സംവിധാനം ഏർപ്പെടുത്തണമെന്ന് ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനോട് ശുപാർശ ചെയ്യുന്നു. ലിംഗസമത്വം ഉറപ്പുവരുത്താൻ സമഗ്ര ചലച്ചിത്ര നയം രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. സുരക്ഷിതമായ താമസ സ്ഥലങ്ങളും, കൃത്യമായി എഴുതി തയ്യാറാക്കിയ തൊഴിൽ കരാറുകളും ജൂനിയർ ആർട്ടിസ്റ്റുകൾക്ക് ഉൾപ്പെടെ ഉറപ്പുവരുത്തണം. അഭിപ്രായ രൂപീകരണ വേദികളിൽ 50 ശതമാനം സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്താനും റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. വിവരാവകാശ നിയമ പ്രകാരം അപേക്ഷിച്ച എട്ട് പേർക്കാണ് റിപ്പോർട്ടിൻ്റെ പകർപ്പ് സാംസ്കാരിക വകുപ്പ് നൽകിയത്. സ്വകാര്യത ലംഘിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കിയ ശേഷം, 233 പേജുകളുള്ള റിപ്പോർട്ടാണ് പുറത്തുവന്നത്.ഹേമ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ നടപ്പാക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രണ്ട് മാസത്തിനുള്ളിൽ പ്രത്യേക കോൺക്ലേവ് നടത്തുമെന്നും അദ്ദേഹം പ്രതികരിച്ചു. ചലച്ചിത്രമേഖലയിലെ തെറ്റായ പ്രവണതകളാണ് റിപ്പോർട്ടിലൂടെ പുറത്തു വന്നതെന്ന് സംസ്ഥാന വനിതാ കമ്മീഷൻ വ്യക്തമാക്കി.

റിപ്പോർട്ട് അനുസരിച്ചുള്ള പരിഹാര നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു.

ന്യൂസ് ഡസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&&

**WAYANAD CM**

വയനാട് ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ ബാങ്കുകൾ തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത സംസ്ഥാന തല ബാങ്കേഴ്‌സ് സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.ദുരിതബാധിതർക്ക് നൽകിയ ആശ്വാസധനത്തിൽനിന്ന് ചൂരൽമലയിലെ ഗ്രാമീൺ ബാങ്ക് വായ്പയുടെ ഇഎംഐ പിടിച്ചത് ശരിയല്ലെന്നും ഇത്തരം ഘട്ടങ്ങളിൽ യാന്ത്രികമായ സമീപനം ബാങ്കുകൾ സ്വീകരിക്കരുതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ദുരന്തബാധിതരുടെ മുഴുവൻ വായ്പകളും എഴുതിത്തള്ളിയ കേരള ബാങ്കിന്റെ മാതൃക മറ്റ് ബാങ്കുകളും സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ദുരന്തബാധിതർക്ക് സർക്കാർ നൽകിയ ധനസഹായത്തിൽ നിന്നും ഇ.എം.ഐ ഈടാക്കിയ സംഭവത്തിൽ, തുക മടക്കി നൽകുമെന്ന് കേരള ഗ്രാമീൺ ബാങ്ക് അറിയിച്ചു.

&&&&&&&&&&&&&&&&&&

## CRIMINAL LAWS NAME- KERALA HC

രാജ്യത്തെ പുതിയ ക്രിമിനൽ നിയമങ്ങൾക്ക് ഹിന്ദി പേരുകൾ നൽകിയത് ചോദ്യം ചെയ്ത് സമർപ്പിച്ച പൊതുതാൽപര്യ ഹർജി കേരള ഹൈക്കോടതി തള്ളി. ഭരണഘടനയുടെ 348-ാാം അനുച്ഛേദത്തിന്റെ ലംഘനമാണ് ഹിന്ദിയിലുള്ള പേരുമാറ്റമെന്നായിരുന്നു ഹർജിക്കാരന്റെ വാദം. എന്നാൽ നിയമത്തിന്റെ ഉള്ളടക്കം ഇംഗ്ലീഷിലാണെന്ന് കേന്ദ്രസർക്കാരിന്റെ അഭിഭാഷകൻ വാദിച്ചു.

&&&&&&&&&&&&&&&&&&

## PARALYMBICS PM

ഈ മാസം 28 മുതൽ പാരിസിൽ ആരംഭിക്കുന്ന പാരാലിമ്പിക്സിൽ പങ്കടുക്കുന്ന ഇന്ത്യൻ കായിക താരങ്ങളുമായി പ്രധനമന്ത്രി നരേന്ദ്രമോദി സംവദിച്ചു. എല്ലാ താരങ്ങൾക്കും ആശംസകൾ നേര്ഡന്ന പ്രധാനമന്ത്രി ഗെയിംസിലെ ഇന്ത്യയുടെ വിജയ സാധ്യത സംബന്ധിച്ച് താരങ്ങളുമായി ചർച്ച നടത്തി.

&&&&&&&&&&&&&&&&&&

## KOLKATA-POLICE QUESTIONING

കൊൽക്കത്തയിലെ ആർ ജി കർ ആശുപത്രിയിലെ വനിതാ ഡോക്ടറുടെ കൊലപാതകവുമായി ബന്ധപ്പെട്ട് രണ്ട് ഡോക്ടർമാർ ചോദ്യം ചെയ്യലിന് ഹാജരായി. തെറ്റായ

വിവരങ്ങൾ പ്രചരിപ്പിച്ചതിനും, ഇരയുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തിയതുമായും ബന്ധപ്പെട്ടായിരുന്നു ചോദ്യം ചെയ്യൽ. അതേസമയം, വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ സുപ്രീം കോടതി സ്വമേധയാ എടുത്ത കേസ് നാളെ പരിഗണിക്കും. സംഭവത്തിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി ഡോക്ടർമാരുടെ സമരം ഇന്നും തുടരുകയാണ്.

&&&&&&&&&&&&&&&&&&

**MOS – I AND B – REVIEW&B – REVIEW–**

സമൂഹത്തിനായി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരുകൾക്കും ഉത്തരവാദിത്തമുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ. കൊൽക്കത്തയിൽ വനിതാ ഡോക്ടർ ബലാൽസംഗത്തിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിൽ ചെന്നൈയിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, കേന്ദ്ര മാർഗ നിർദേശങ്ങൾ അനുസരിച്ച് സംസ്ഥാന സർക്കാരുകൾ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ മാധ്യമ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളും ശ്രീ എൽ മുരുഗൻ വിലയിരുത്തി. ആകാശവാണി,

ദൂരദർശൻ, പി ഐ ബി, സി ബി സി തുടങ്ങിയവയിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു .

&&&&&&&&&&&&&&&&&&

**RAJYA SABHA BYPOLL-SINGHVI**

തെലങ്കാനയിൽ നിന്നുള്ള കോൺഗ്രസിന്റെ രാജ്യസഭാ സീറ്റിലേക്ക് മുതിർന്ന നേതാവ് അഭിഷേക് മനു സിംഗ്‌വി നാമനിർദേശ പത്രിക സമർപ്പിച്ചു. തെലങ്കാന മുഖ്യമന്ത്രി എ രേവന്ത് റെഡ്ഡി, മറ്റ് മന്ത്രിമാർ എന്നിവർക്കൊപ്പമെത്തിയാണ് അദ്ദേഹം പത്രിക സമർപ്പിച്ചത്. രാജ്യത്തെ 9 സംസ്ഥാനങ്ങളിൽ ഒഴിവുവന്ന 12 രാജ്യസഭ സീറ്റുകളിലേക്ക് സെപ്റ്റംബർ മൂന്നിനാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

**JK-TERRORIST ATTACK,**

ജമ്മു കശ്മീരിൽ സിആർപിഎഫ് പട്രോളിംഗ് സംഘത്തിന് നേരെയുണ്ടായ ഭീകരാക്രമണത്തിൽ ഒരു ജവാന് വീരമൃത്യു . ഉധംപൂർ ജില്ലയിലെ രാംനഗർ പ്രദേശത്താണ് സിആർപിഎഫ് സംഘത്തിന് നേരെ ഭീകരർ ആക്രമണം നടത്തിയത്. മേഖലയിൽ ഭീകർക്കായി തിരച്ചിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**JAPANESE FOREIGN MINISTER**

ഇന്ത്യ - ജപ്പാൻ 2+2 വിദേശ - പ്രതിരോധ മന്ത്രിമാരുടെ മൂന്നാമത് യോഗത്തിൽ പങ്കെടുക്കാൻ ജപ്പാൻ വിദേശകാര്യ മന്ത്രി കാമികാവ യോക്കോ ന്യൂഡൽഹിയിൽ എത്തിച്ചേർന്നു. നാളെ നടക്കുന്ന 2+2 യോഗത്തിൽ കാമികാവ യോക്കോയും ജപ്പാൻ പ്രതിരോധ മന്ത്രി മിനോരു കിഹാരയും, വിദേശകാര്യമന്ത്രി ജയ്ശങ്കറുമായും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗുമായും ചർച്ചകൾ നടത്തും. ഇന്ത്യ-ജപ്പാൻ ബഹുമുഖ പങ്കാളിത്തത്തിൻ്റെ വിവിധ മേഖലകളെ സംബന്ധിച്ച് മന്ത്രിമാർ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

**MONKEY POX**

ആഗോളതലത്തിൽ എം-പോക്സ് വ്യാപിക്കുന്ന സാഹചര്യത്തിൽ നിരീക്ഷണം വർദ്ധിപ്പിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനും സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദ്ദേശം. സ്ഥിതിഗതികൾ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ.മിശ്രയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. രോഗനിർണയത്തിനായി നിലവിൽ 32 ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. എംപോക്സ് കേസുകൾ രാജ്യത്ത് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. വലിയ തോതിലുള്ള രോഗ സംക്രമണ സാധ്യത കുറവാണെന്നും യോഗം വിലയിരുത്തി. WHO-യുടെ കണക്കനുസരിച്ച്, ആഗോള തലത്തിൽ ഈ വർഷം

ഇതുവരെ 15,600 കേസുകളും 537 മരണങ്ങളുമാണ് റിപ്പോർട്ട് ചെയ്തത്. എംപോക്സ് വ്യാപനം കണക്കിലെടുത്ത് ലോകാരോഗ്യസംഘടന ആരോഗ്യ അടിയന്തരാവസ്ഥയും പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## STOCK CLOSE + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 12 പോയിന്റ് താഴ്ന്ന് 80,425ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിന്റ് ഉയർന്ന്
24,572- ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 6,670ഉം, പവന് 53,360 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. അതിശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ വെള്ളിയാഴ്ച വരെ കേരള,

കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയതായും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&